പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1550

3.5.2017 ൽ
മറുപടിക്ക്

**അങ്കമാലി മണ്ഡലത്തിൽ പോലീസ് ക്വാർട്ടേഴ്സുകൾ പണിയുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി എം. ജോൺ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ സ്റ്റേഷനുകളിലെ പോലീസ് സേനാംഗങ്ങൾക്ക് ജോലി സ്ഥലങ്ങൾക്ക് സമീപം കുടുംബത്തോടൊപ്പം താമസിക്കുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ ഒന്നും തന്നെയില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ) അങ്കമാലിയിൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു, |
| ബി) അങ്കമാലി നിയോജക മണ്ഡലത്തിൽ വിവിധ സ്റ്റേഷനുകളിലായി എത്ര പുരുഷ, വനിത ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കാമോ; | ബി) അങ്കമാലി നിയോജക മണ്ഡലത്തിൽ വിവിധ സ്റ്റേഷനുകളിലായി താഴെപ്പറയുന്ന പുരുഷ, വനിത ജീവനക്കാർ പ്രവൃത്തിയെടുത്തുവരുന്നു. |

| | | |
|---|---|---|
| സബ് ഇൻസ്പെക്ടർ | - | 19 |
| സീനിയർ സിവിൽ പോലീസ് ഓഫീസർ | - | 32 |
| സിവിൽ പോലീസ് ഓഫീസർ | - | 120 |
| വനിതാ സീനിയർ സിവിൽ പോലീസ് ഓഫീസർ | - | 1 |
| വനിതാ സിവിൽ പോലീസ് ഓഫീസർ | - | 26 |

| | | | |
|---|---|---|---|
| സി) | അങ്കമാലി നിയോജക മണ്ഡലത്തിൽ വാടക കെട്ടിടങ്ങളുടെ ലഭ്യതക്കുറവും, ഉയർന്ന വാടക നിരക്കും പരിഗണിച്ച് പോലീസ് സേനാംഗങ്ങൾക്കായി പുതുതായി പോലീസ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കണം എന്ന് അഭ്യർത്ഥിച്ച് നിയമസഭാംഗം നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | സി) | ഇത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു. |
| ഡി) | 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പോലീസിന്റെ ആധുനിക വൽക്കരണത്തിനും ഭവന നിർമ്മാണത്തിനുമായി നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ഡി) | 47 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| ഇ) | മണ്ഡലത്തിന്റെ പൊതു ആവശ്യം പരിഗണിച്ച് സ്ഥല സൗകര്യമുള്ളിടത്ത് പോലീസ് ക്വാർട്ടേഴ്സുകൾ പണിയുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | ഇ) | എറണാകുളം റൂറൽ ജില്ലയിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സ്റ്റേറ്റ് പോലീസ് ചീഫിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ